
എൽ.പി.എസ് ഈരേഴ
2014-15
മഴയെ മണ്ണിലിരുത്താം.
ഭൂഗർഭ ജലത്തിന്റെ
അളവ് കൂട്ടാം.
സംയോജിത നീർത്തട പരിപാലന പരിപാടി [IWMP]
മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് [PIA]
IWMP

## ആമുഖം

സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ അവരവരുടെ ക്ലാസുകൾക്കനുസൃതമായ പഠനനിലവാരം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അത് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുകയും അങ്ങനെ പൊതുവിദ്യാലയങ്ങളുടെ ജനസമ്മതി വർധിക്കുകയും ചെയ്യുന്നു.അങ്ങനെ ദേശീയ വിദ്യാഭ്യാസ നയം, കേരള കരികുലം ഫ്രെയിം വർക്ക്, വിദ്യാഭ്യാസ അവകാശനിയമം എന്നിവയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയം നടപ്പിലാക്കാനുദ്ദേശിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാകുട്ടികൾക്കും തുല്യപരിഗണനയും അനുഭവിക്കാനുള്ള സാധ്യതകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസ് മുതൽ ഓരോ ക്ലാസിനും കുട്ടി ആർജിക്കേണ്ട ശേഷികൾ അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
2. ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർഥികളെ മാറ്റിയെടുക്കുക.
3. കുട്ടികളുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം നടപ്പിലാക്കുക.
4. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
5. പാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
6. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക
7. പ്ലാസ്റ്റിക് മുക്തി, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
8. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.

9. എൽ.പി.ക്ലാസുകൾ , എസ്.എം.സി.പൂർവ്വവിദ്യാർഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ക്ലാസ് മുറികൾ ഹൈടെക് ആക്കും.
10. പ്രീ-പ്രൈമറി ക്ലാസുകൾ പഞ്ചായത്തിന്റെ സഹായത്തോടെ ശിശു സൗഹൃദമാക്കും.
11. സ്കൂൾ ക്യാമ്പസിനെ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.
12. കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യം ലഭ്യമാക്കും.
13. സ്ക്കൂളിന്റെ ഭൗതികസൗകര്യം മെച്ചപ്പെടുത്തി ആകർഷകമാക്കും.
14. കലാ കായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും
15. സ്ക്കൂൾ ലൈബ്രറിയും ലാബും വിപുലമാക്കും .
16. ഭിന്നശേഷിക്കാരായ കുട്ടികളെ വ്യക്തിഗതമായി പരിഗണിക്കും.
17. ക്ലാസുകളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.
18. ലഹരിയുടെ ഉപയോഗം പൊതുസ്ഥലങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും, നല്ല ആരോഗ്യ ശീലങ്ങൾ . ശുചിത്വ ധാരണ കുട്ടികൾക്ക് ബോധനം നൽകുകയും ചെയ്യും

## സ്ക്കൂളിന്റെ ചരിത്രം

ഗവ.എൽ.പി.സ്ക്കൂൾ ഈരേഴ പറയന്റെ കുറ്റി സ്കൂൾ എന്ന വിളി പ്പേരിലാണ് അിറയപ്പെടുന്നത്. ഈരേഴ തെക്ക് ആൽത്തറമൂടിനു തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ എൽ.പി.സ്ക്കൂളിനു സമീ പത്തുകൂടി ഈരേഴ പെരുങ്ങാല റോഡ് കടന്നു പോകുന്നു.ചെട്ടികു ളങ്ങര പഞ്ചായത്തിലെ പെരിങ്ങാല വില്ലേജിൽ ഈരേഴ തെക്കും മുറിയിലാണ് ഈ സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. മലയാള വർഷം 7-10-1081 ൽ (ഇംഗ്ലീഷ് വർഷം 1905 ൽ) ആണ് ഈ സ്ക്കൂൾ ആരം ഭിച്ചത്. 4 ക്ലാസ്സുകൾ ആദ്യം അംഗീകരിക്കപ്പെട്ടു. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഇത് 5 ക്ലാസുകളായി വർധിക്കുകയും മലയാള വർഷം 1125 ൽ വീണ്ടും അത് 4 ക്ലാസുകളായി കുറയുകയും ചെയ്തു. ആദ്യം മുതൽ തന്നെ ആൺകുട്ടികളും പെൺകുട്ടികളും ഈ സ്ക്കൂളിൽ പഠിച്ചുവരുന്നു.10 ആർ 30 ച.മീ. സ്ഥലത്താണ് ഈ സ്ക്കൂൾ നിലകൊളളുന്നത്., അൺഎയ്ഡഡ് സ്കൂളുകളുടെ അതി

പ്രസരം മൂലം ഈ സ്ക്കൂളിൽ കുട്ടികളുടെ എണ്ണത്തിനു കുറവു ണ്ടാകുന്നു. ഈ സ്കൂളിന് 1.5 കി.മി. തെക്ക്.യു.പി.എസ് ഈരേ ഴയും 1.5 കി.മി. വടക്കുകിഴക്ക് എസ്.എം.ആർ.വി .എൽ.പി. സ്കൂളും സ്ഥിതി ചെയ്യുന്നു. വിദ്യാധിരാജ വിദ്യാപീഠം എം.ജി.എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ, അമല ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ അൺഎയ്ഡഡ് സ്കൂളുകളും 2 കി.മീറ്ററാണ് ഉള്ളിലായി ഈ സ്കൂളിനടുത്ത് സ്ഥിതിചെയ്യുന്നു.1 മുതൽ 4വരെ ഓരോ ഡിവിഷനുകൾ മാത്രം പ്രവർത്തിച്ചു വരുന്നു. ആകെ കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ ആൺ എക്കണോമിക് വിഭാഗ ത്തിൽപെടുന്ന സ്കൂളാണ്.എങ്കിലും നല്ല പ്രവർത്തനങ്ങൾ കാഴ്ച വച്ച് ഈ സരസ്വതീ ക്ഷേത്രം മെച്ചപ്പെട്ട സ്കൂളുകളുടെ പട്ടികയിൽ നിലനിൽക്കുന്നു..

ആദ്യകാലത്ത് സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട അനേകർക്ക് അിറവിന്റെ ആദ്യാക്ഷരം പകർന്നുകൊടുത്ത സര സ്വതീ ക്ഷേത്രമാണിത്.ഇവിടെ നിന്നും പഠിച്ചുപോയവർ കലാസാ ഹിത്യ മേഖലയിലും ആരോഗ്യമേഖലകളിലും രാജ്യത്തിന്റ ഭരണരം ഗത്തും അധ്യാപനമേഖലയിലും സേവനം അനുഷ്ഠിക്കുന്നു. ഉദാ ഹരണമായി മുൻ ഡി.ജി.പി. ജേക്കബ്ബ് പുന്നൂസ് ഐ.എ.എസ്,ആ ദ്യത്തെ ദേവസ്വം സ്പെഷ്യൽ ഓഫീസറായ ഉണ്ണികൃഷ്ണൻ നായർ, ലളിത കല, അക്കാദമി വൈസ് ചെയർമാനായിരുന്ന കാട്ടൂർ നാരായണപിള്ള, ചെട്ടികുളങ്ങര പഞ്ചായത്ത് വൈസ് പ്രസിഡന്റും അധ്യാപകനും ആയിരുന്ന ഭാസ്കരപിള്ള, പോലീസ് ഓഫീസറായ രാമൻപിള്ള, പഞ്ചായത്ത് മുൻ മെമ്പറായ രാഘവൻ അവർകൾ ,കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനായിരുന്ന ഹരിദാസൻ നായർ, ആയുർവേദ ഡോക്ടറായ ഡോക്ടർ ദിലീപ്, ഈ സ്കൂളിലെ തന്നെ അധ്യാപികയായിരുന്ന ശ്രീമതി. ദാക്ഷായണി, സഹകരണ ബാങ്ക് സെക്രട്ടറിയായിരുന്ന എം.രാധമ്മ, കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനായിരുന്ന രാധാകൃഷ്ണപിള്ള എന്നിവരെല്ലാം ഇവി ടുത്തെ ചുരുക്കം ചില ആദ്യകാല വിദ്യാർഥികളാണ്.

സ്കൂൾ ഇന്ന് അഭിമുഖീകരിക്കുന്ന അക്കാദമിക പ്രതി സന്ധികൾ, പരിമിതികൾ എന്നിവ പരിഹരിക്കുന്നതിനും ഓരോ

കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായി കരികുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തി ലേക്ക് എത്തിക്കുന്നതിലൂടെ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നാം ലക്ഷ്യം വെയ്ക്കുന്നത്.

## കുട്ടികളുടെ എണ്ണം 2025-26

### സാമുദായികാടിസ്ഥാനത്തിൽ

| | ഹിന്ദു തണ്ടാൻ | ഹിന്ദു പുലയ | ഹിന്ദു നായർ | ഹിന്ദു ഈഴവ |
|---|---|---|---|---|
| STD-I | – | 1 | – | 1 |
| STD-II | 1 | – | 2 | 2 |
| STD-III | 1 | – | 2 | 3 |
| STD-IV | 1 | – | 2 | 3 |

## അധ്യാപകരുടെ എണ്ണം 2025-26

| വർഷം | അധ്യാപകരുടെ എണ്ണം (അംഗീകരിക്കപ്പെട്ടത്) | നിലവിലുള്ളത് |
|---|---|---|
| 2025-26 | ഹെഡ്മാസ്റ്റർ - 1<br>അധ്യാപകർ - 3 | ഹെഡ്മാസ്റ്റർ - 1<br>അധ്യാപകർ - 3 |

## വിദ്യാലയ മികവിന്റെ കാഴ്ചപ്പാട്

ഏതൊരു രക്ഷകർത്താവിന്റെയും ആഗ്രഹമാണ് സ്വന്തം കുട്ടി മികച്ച സ്കൂളിൽ പഠിക്കണമെന്നത്. 120 വർഷം പഴക്കമുള്ള സ്കൂൾ കെട്ടിടത്തിന്റെ ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റണമെന്നുള്ളതാണ് ലക്ഷ്യം. കുട്ടികളുടെ വായനാശീലം വളർത്താൻ സഹായിക്കത്തക്ക രീതിയിലുള്ള ലൈബ്രറിയും, ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് റൂം, കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള മെസ്ഹാൾ, കുട്ടികളുടെ പോർട്ട്ഫോളിയോ സൂക്ഷിക്കാനുള്ള ഷെൽഫുകൾ, ക്ലാസ് റൂം വേർതിരിക്കാനുള്ള സ്ക്രീനുകൾ, മഴക്കാലത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കാനായി സ്കൂൾ കോമ്പൗണ്ട് മണ്ണിട്ട് ഉയർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇതെല്ലാം സാമൂഹിക പങ്കാളിത്തത്തോടെയും, പഞ്ചായത്തിന്റെ സഹകരണത്താലും വിവിധ ഗവൺമെന്റ് ഫണ്ടുകളിലൂടെയും സന്നദ്ധസംഘടനകളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ നേടിയെടുക്കണമെന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം.

ഭൗതികവും അക്കാദമികവുമായ മെച്ചപ്പെടുത്തലിലൂടെ കുട്ടികളുടെ എണ്ണം വർധിപ്പിക്കുക, വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക, പഠനപ്രവർത്തനങ്ങളും അക്കാദമിക പ്രശ്നങ്ങളും എസ്.ആർ.ജി.യിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക , പുതുമയുള്ള പാഠ്യപാഠ്യേതരപ്രവർത്തനങ്ങൾ അവതരിപ്പിക്കുക, വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളെ അധ്യാപക പരിശീലനങ്ങളിൽ പങ്കുവെയ്ക്കുക, ഗൃഹസന്ദർശനം നടത്തുക, ജനപ്രതിനിധികളുടെ സേവനം ഉറപ്പാക്കൽ, എന്നിവയും ഞങ്ങളുടെ ലക്ഷ്യങ്ങളാണ് . പച്ചക്കറിത്തോട്ടം, ഔഷധ സസ്യങ്ങൾ, പൂന്തോട്ട നിർമ്മാണം,എന്നീ പദ്ധതികൾ കുട്ടികളുടെ സഹകരണത്തോടെ നടപ്പാക്കുക.

## നിലവിലെ അവസ്ഥാ വിശകലനം

### ഭൗതികം - പരിമിതികൾ

നിലവിലുള്ള സ്കൂൾ കെട്ടിടത്തിന് 120 വർഷം പഴക്കമുണ്ട്. കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, ക്ലാസ് മുറികൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലം, സർവീസ് സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവയുടെ അപര്യാപ്തത ഉണ്ട്. മഴക്കാലത്ത് സ്കൂൾ കോമ്പൗണ്ടിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ കുട്ടികൾക്ക് മൂത്രപ്പുരയിൽ പോകുന്നതിനും, പുറത്തിറങ്ങുന്നതിനും പ്രയാസ അവസ്ഥയാണ്. ഓഫീസിനോട് ചേർന്ന് നിൽക്കുന്ന ഞാവൽ മരം അപകട ഭീഷണിയിലാണ്. സ്കൂളിന്റെ ചുറ്റുമതിലുകൾ വിള്ളൽ വീണിട്ടുണ്ട്. റോഡ് ഉയർന്നു നിൽക്കുന്നതിനാലും സ്കൂൾ നിൽക്കുന്ന സ്ഥലം താഴ്ന്ന് കിടക്കുന്നതിനാലും മഴക്കാലമായാൽ റോഡ് വഴി സ്കൂളിൽ പ്രവേശിക്കുന്നത് വെള്ളക്കെട്ടിലൂടെ കടക്കേണ്ടി വരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്കൂളിനോട് ചേർന്ന് നിൽക്കുന്ന ഉപയോഗ ശൂന്യമായ ടോയ്‌ലറ്റും, കിണർ ഭാഗം പൊളിച്ചുമാറ്റാത്തതിനാൽ ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുണ്ട്. കൂടാതെ ഇത് സ്ഥലപരിമിതിക്കും കാരണമാകുന്നു.

## ഭൗതിക പരിമിതികൾ

സ്കൂളിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ മൂന്നോളം അൺ എയ്ഡഡ് സ്കൂളുകൾ ഉള്ളതിനാൽ നമ്മുടെ സ്കൂളിലേക്ക് കുട്ടികളെത്തുന്നത് കുറവാണ്. സ്കൂളിൽ കുട്ടികൾക്ക് സ്വതന്ത്രമായി കളിക്കുവാനാവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത, കായിക മത്സരങ്ങൾക്ക് കുട്ടികളെ പരിശീലിപ്പിക്കാനാവശ്യമായ സ്ഥല പരിമിതി എന്നിവ മൂലം രക്ഷാകർത്താക്കൾ അൺ എയ്ഡഡ് സ്കൂളിനെ ആശ്രയിക്കുന്നു.

## നേട്ടങ്ങൾ

സബ്ജില്ല പ്രവൃത്തിപരിചയമേള, കലോത്സവം, സ്പോർട്സ് LSS പരീക്ഷ എന്നീ പരിപാടികളിൽ ഈ സ്കൂളിൽ നിന്നും ധാരാളം കുട്ടികളെയും പങ്കെടുപ്പിച്ചു. ഒരു ഡിവിഷനിൽ 6 കുട്ടികൾ പഠിക്കുന്നുണ്ട്. ഇത് ഞങ്ങളുടെ വലിയൊരു നേട്ടമാണ്. കുട്ടികൾ കുറവായിരുന്നാലും എല്ലാ ദിനാചരണങ്ങളും മികച്ച രീതിയിൽ തന്നെ നടത്തുന്നുണ്ട്. എല്ലാ വർഷവും എല്ലാ കുട്ടികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കുട്ടികളുടെ സഭാകമ്പം മാറുന്നതിനായി അസംബ്ലിയിൽ എല്ലാകുട്ടികളെയും പങ്കെടുപ്പിക്കാറുണ്ട്. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. പത്രവായന, വായനാക്കുറിപ്പെഴുതൽ, പുതിയ വാക്കുകൾ കണ്ടെത്തൽ, പ്രസംഗം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. വായനയെ പരിപോഷിപ്പിക്കുന്നതിനായി അമ്മവായന, വായനക്കാർഡുകൾ, ലൈബ്രറിപുസ്തകങ്ങൾ നൽകൽ

പുസ്തകപ്രദർശനം, ചങ്ങല വായന, പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ക്ലാസുകൾ, LSS പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ് എന്നീ ക്ലാസുകളും നൽകി വരുന്നു. പഠനോത്സവം മികവുത്സവം നടത്തുന്നതുവഴി കുട്ടികളുടെ പഠനമികവുകൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കാൻ സാധിക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ

1. 30/05/25: ഹെഡ്മിസ്ട്രസ്, അധ്യാപകർ, എസ്.എം.സി അംഗങ്ങൾ, പൂർവ്വവിദ്യാർഥികൾ, സന്നദ്ധസംഘടനകൾ എന്നിവർ ഒത്തുകൂടി സ്ക്കൂൾ വികസനപദ്ധതി രൂപരേഖ തയാറാക്കി.
2. [illegible]/സമൂഹപങ്കാളിത്തത്തോടെ വികസന സമിതി രൂപീകരിച്ചു. സ്വന്തം വിദ്യാലയം നേരിടുന്ന അക്കാദമിക പ്രശ്നങ്ങളെ മറികടക്കാൻ അക്കാദമിക മാസ്റ്റർപ്ലാനിൽ എന്തെല്ലാം ഉൾപ്പെടുത്തണം എന്നിവ സംബന്ധിച്ച ധാരണയുണ്ടാക്കി.
3. എല്ലാ കുട്ടികളുടെയും കുടുംബപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശാസ്ത്രീയമായി ശേഖരിച്ചു.
4. എല്ലാ കുട്ടികളുടെയും പഠനരീതി, പഠനവേഗത, വൈഭവങ്ങൾ, പരിമിതികൾ എന്നിവ ശാസ്ത്രീയമായി കണ്ടെത്തി.
5. ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വ്യക്തിഗതമായ പഠനരീതി, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞു.
6. എല്ലാ കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി.

എസ്.ആർ.ജി. കൂടി പൊതുധാരണകളുടെ അടിസ്ഥാനത്തിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി എൽസി ഫിലിപ്പ് അക്കാദമിക വികസന കാഴ്ചപ്പാട് രേഖ തയാറാക്കി.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

| ക്രമ. നമ്പർ | അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|---|
| 1 | ഒന്നാം ക്ലാസ് ഒന്നാന്തരം | കളിസ്ഥലം | പി.ടി.എ ശക്തി |
| 2 | ഇംഗ്ലീഷ് ഭാഷാവികസനം | ചിൽഡ്രൻസ് | പ്പെടുത്തൽ |
| 3 | ഭാഷാശേഷി വികസനം | പാർക്ക് | പൂർവ്വ |
| 4 | വായനാപരിപോഷണം | ക്ലാസ് മുറികൾ | വിദ്യാർഥിക |
| 5 | ലൈബ്രറി ശാക്തീകരണം | സ്റ്റാഫ് റും | ളുടെ സംഘടന |
| 6 | ഐ.ടി.പരിശീലനം | കമ്പ്യൂട്ടർ റും | കളുടെ |
| 7 | ജൈവ വൈവിധ്യപാർക്ക് | ലൈബ്രറി | പ്രവർത്തനം |
| 8 | പഠനയാത്രകൾ | ലാബോറട്ടറി | ക്ലബ്ബുകൾ, |
| 9 | സെമിനാറുകൾ | ഭോജനശാല | സന്നദ്ധ സംഘ |
| 10 | കലാകായികമേള | ടോയ്ലെറ്റ് | ടനകൾ, വിദ്യാ |
| 11 | പച്ചക്കറിത്തോട്ടം | കൃഷിത്തോട്ടം | ഭ്യാസ പ്രവർത്ത |
| 12 | മെഡിക്കൽ ക്യാമ്പ് | ഔഷധത്തോട്ടം | കർ എന്നിവ |
| 13 | ഒറിഗാമിശില്പശാല | | രുടെ സേവനം |
| 14 | ഗണിതലാബ് | | പ്രയോജനപ്പെടു |
| 15 | പോഷകാഹാര പരിപാടി | | ത്തൽ |
| 16 | പ്രഭാത ഭക്ഷണം | | കോർണർ |
| 17 | ടേം മൂല്യനിർണയം നിരന്തര | | പി.ടി.എ-കൾ |
| | വിലയിരുത്തൽ | | ഭവനസന്ദർശനം |
| 18 | ക്ലാസ് പി.ടി.എ.സജീവമാക്കൽ | | പുസ്തകസമാ |
| 19 | സ്ക്കൂൾ പത്രം | | ഹരണം |
| 20 | ശാസ്ത്രാഭിരുചി വളർത്തൽ | | |
| 21 | പഠനോപകരണ നിർമാണം | | |

## പദ്ധതി വിശദാംശങ്ങൾ- വിവിധ പ്രവർത്തനങ്ങൾ

## മേഖല അക്കാദമികം ഉപമേഖല മലയാള ഭാഷാപഠനം

| പദ്ധതിയുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങളുടെ ലഘു വിവരണം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ക്ലാസ് ലൈബ്രറി സജ്ജമാക്കൽ | എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കി മാറ്റുക, രചനാപരമായ കഴിവ് വളർത്തുക | 1,2 ക്ലാസുകൾക്കാവശ്യമായ പുസ്തകങ്ങൾ ഉറപ്പിക്കൽ, വായനാമുറിയിലോ ക്ലാസ് മുറിയിലോ പത്രങ്ങൾ ക്ലിപ്പ് ചെയ്ത് കുട്ടികളെക്കൊണ്ട് വായിപ്പിക്കൽ | പ്രവർത്തി ദിവസങ്ങൾ | ക്ലാസ് ടീച്ചർ | S.S.A |
| വായനാക്കുറിപ്പ് പതിപ്പാക്കൽ | ലേഖനത്തിനുള്ള കഴിവ് വളരുന്നു | വായിച്ച പുസ്തകത്തിന്റെ കുറിപ്പ് തയാറാക്കിക്കുന്നു | 2 ആഴ്ച | മലയാളം ടീച്ചർക്ക് | ടീച്ചർ ഗ്രാന്റ് |
| അമ്മവായന | സമൂഹികപങ്കാളിത്തത്തോടെ സ്ക്കൂൾ ലൈബ്രറി വികസിപ്പിക്കുക | രണ്ടാഴ്ചയിലൊരിക്കൽ അമ്മമാർക്ക് ലൈബ്രറി പുസ്തകങ്ങൾ കൊടുത്തു വിടുന്നു. | 1 മാസം | ക്ലസ് ടീച്ചർക്ക് | |
| ചരിത്ര ക്വിസ് | വായനയുടെ | ആഴ്ചയിലൊരിക്കൽ | 1 ആഴ്ച | മലയാളം ടീച്ചർക്ക് | |

| | | | | | |
|---|---|---|---|---|---|
| | വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുക | പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ക്വിസ് നടത്തുന്നു | | | |

## മേഖല അക്കാദമികം ഉപമേഖല ഇംഗ്ലീഷ് ഭാഷാപഠനം

| പദ്ധതിയുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | ഇംഗ്ലീഷ് ഭാഷാ പഠനം തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിലെഴുതുക | 5 ദിവസവും | ഇംഗ്ലീഷ് അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | ഇംഗ്ലീഷ് കോൺവർസേഷൻ, വിവരണം,ഇംഗ്ലീഷ് റൈമുകൾ,ഡയലോഗുകൾ, എന്നിവ ഉൾപ്പെട്ട മാഗസിൻ തയാറാക്കുന്നു. | 3 മാസം | ഇംഗ്ലീഷ് ടീച്ചർക്ക് | 500 രൂപ ടീച്ചേഴ്സ് |
| ഇംഗ്ലീഷ് കോർണർ | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ,പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | 1 ടേം | ഇംഗ്ലീഷ് ക്ലബ്ബ് | |
| ഗണിത ലാബ് സജ്ജീകരിക്കൽ | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ,ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തുന്നു | ആഴ്ചയിലൊരിക്കൽ | ഗണിത ടീച്ചർ | 1000 രൂപ ടീച്ചർഗ്രാന്റ് |
| ഗണിതകേളി | ഗണിതത്തിൽ താല്പര്യം | ഗണിതവുമായി ബന്ധപ്പെട്ട കളികൾ, ക്വിസ്, | ആഴ്ചയിലൊരിക്കൽ | ഗണിത ടീച്ചർ | S.S.A |

| | | | | | |
|---|---|---|---|---|---|
| | സൃഷ്ടി ക്കുന്നു | എന്നിവ നടത്തുന്നു | | | |
| ബുള്ളറ്റിൻ ബോർഡ് | സാമൂഹ്യ ശാസ്ത്രം | എല്ലാ കുട്ടി കൾക്കും വായിക്കാൻ സൗകര്യ പ്രദ മായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക | പ്രവൃത്തി ദിവസങ്ങൾ | പരി സ്ഥിതി ക്ലബ്ബ് | S.M.C |
| ശാസ്ത്ര ക്ലബ്ബ് രൂപീക രണം | പരിസരനിരീ ക്ഷണത്തി ലൂടെ കുട്ടികളുടെ ശാസ്ത്ര ബോധം വളർത്തു ന്നു. | കുട്ടികളുടെ സഹായ ത്തോടെ വിവിധ പരീ ക്ഷണങ്ങൾ നടത്തുന്നു | ആഴ്ചയിൽ 1 പ്രാവശ്യം | സയൻ സ് ക്ലബ്ബ് | |
| ചിത്രരചനാക ളരി | | ആഴ്ചയി ലൊരിക്കൽ ചിത്ര രചനാ ക്ലാസ് നട ത്തുന്നു | മാസത്തിൽ 4 പ്രാവശ്യം | ക്ലാസ് ടീച്ചർ | S.S.A |
| കായിക പരി ശീലനം | കുട്ടികളുടെ ശാരീരിക ക്ഷമത വർധിപ്പി ക്കുന്നു | രാവിലെയും വൈകിട്ടും കുട്ടികൾക്ക് കായിക പരി ശീലനം നൽകുന്നു ലഘുഭക്ഷണം കൊടുക്കുന്നു | ആഴ്ചയിൽ 3ദിവസം | ചാർജു ള്ള ടീച്ചർ | P.T.A |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ക്യാമ്പ് | കുട്ടികളുടെ ആരോഗ്യപരമായ സുരക്ഷ ഉറപ്പാക്കുന്നു | സ്കൂളിൽ കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | H.M | പൂർവ്വ വിദ്യാർഥി സംഘടന |
| പച്ചക്കറി ത്തോട്ടം | കുട്ടികളെ കൃഷിയിലേക്ക് ആകർഷിക്കുന്നു വിഷരഹിത പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു | കുട്ടികളെ ഉപയോഗപ്പെടുത്തി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു | ആഴ്ചയിലൊരിക്കൽ | H.M | P.T.A |
| ഔഷധ ത്തോട്ട നിർമ്മാണം | ഔഷധ സസ്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നു | കുട്ടികളുടെ സഹകരണത്താൽ ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കുന്നു | ആഴ്ചയിലൊരിക്കൽ | H.M | സന്നദ്ധ സംഘടന |
| പൂന്തോട്ട നിർമ്മാണം | വിവിധതരം പൂക്കളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നു | കുട്ടികളെ ഉൾപ്പെടുത്തി പൂന്തോട്ടം നിർമ്മിക്കുന്നു | മാസത്തിലൊരിക്കൽ | ടീച്ചർ | |

| പദ്ധതി യുടെ പേര് | ലക്ഷ്യം | പ്രവർത്തന ങ്ങളുടെ ലഘു വിവ രണം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| ഐ.ടി. പരിശീ ലനം | ഒന്നാം ക്ലാസു മുതൽ തന്നെ എല്ലാ കുട്ടി കൾക്കും കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനുളള ശേഷിനേടുക | ആഴ്ചയിൽ 3 ദിവസം കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നു. | 1 വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | ഫണ്ട് |
| സൂര്യ, യോഗാ ക്ലാസ് | കുട്ടികൾക്ക് ഏകാഗ്രതയും മാനസിക ഉല്ലാസവും ലഭിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം യോഗാ പരി ശീലനം നൽകുന്നു | 1 വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| പഠനോപക രണ നിർമ്മാണം | പഠനനേട്ട ങ്ങൾ കുട്ടിക ളിൽ ഉറപ്പി ക്കാൻ പഠ നോപകരണ ങ്ങൾ സഹാ യിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം കുട്ടി കളെക്കൊ ണ്ട് പാഴ് വസ്തുക്കൾ ഉപയോഗിച്ച് പഠനോപകര ണങ്ങൾ ഉണ്ടാക്കി ക്കുന്നു | 1 ദിവസം | ക്ലാസ് ടീച്ചർ | S.S.A ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ പത്രം | ഭാഷാശേഷിയും കുട്ടികളുടെ സർഗ്ഗാത്മക വാസകളും വികസിപ്പിക്കുക | സ്ക്കൂളിലും സ്ക്കൂൾ പരിസരത്തും നടക്കുന്ന കാര്യങ്ങൾ കുട്ടികളെക്കൊണ്ട് പത്രവാർത്തയാക്കിക്കുന്നു. | 1 ആഴ്ച | മലയാളം ടീച്ചർ | ടീച്ചർഗ്രാന്റ് |
| ദിനാചരണങ്ങൾ | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | 1 വർഷത്തിനുളളിൽ | S.R.G | |
| ക്ലാസ് പി. ടി.എ | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നു | പ്രത്യേക അജണ്ട വെച്ച് ക്ലാസ് പി.ടി.എ കൂടുന്നു ആഴ്ചയിലെ എല്ലാ ദിവ | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| പോഷാകാഹാര പരിപാടി | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | സവും പ്രഭാതഭക്ഷണം, പ്രത്യേക മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം, ആഴ്ചയിൽ 2ദിവസം പാൽ,1 ദിവസം മുട്ട എന്നിവ നൽകുന്നു | പ്രവൃത്തി ദിവസങ്ങൾ | H.M ചാർജുള്ള ടീച്ചർ P.T.A | പഞ്ചായത്ത് C.S.R ഫണ്ട് |
| വർക്ക് ഷീറ്റ് നിർമിക്കൽ | | വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നിർമിക്കുന്നു | | ചാർജുള്ള ടീച്ചർ | Teacher grant |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പിന്തുണ | | • വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>• റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കൽ<br>• ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ, അനുരൂപീകരണ പ്രവർത്തനങ്ങൾ. | | | |

| | | | | | |
|---|---|---|---|---|---|
| പോഷാകാഹാര പരിപാടി | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | സവും പ്രഭാതഭക്ഷണം, പ്രത്യേക മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം, ആഴ്ചയിൽ 2ദിവസം പാൽ,1 ദിവസം മുട്ട എന്നിവ നൽകുന്നു | പ്രവൃത്തി ദിവസങ്ങൾ | H.M ചാർജുള്ള ടീച്ചർ P.T.A | പഞ്ചായത്ത് C.S.R ഫണ്ട് |
| വർക്ക് ഷീറ്റ് നിർമിക്കൽ | | വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നിർമിക്കുന്നു | | ചാർജുള്ള ടീച്ചർ | Teacher grant |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പിന്തുണ | | • വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>• റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കൽ<br>• ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ, അനുരൂപീകരണ പ്രവർത്തനങ്ങൾ. | | | |

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സന്ദേശം ഏറ്റെടുത്ത ആവേശകരമായ അനുഭവങ്ങൾ പൊതുവിദ്യാലയങ്ങളിൽ നിന്നും ഉയർന്നുവരുമ്പോൾ ഗ്രാമപ്രദേശത്തെ ഒരു ചെറിയ സർക്കാർ വിദ്യാലയ ത്തിന് അഭിമാനിക്കാവുന്ന തരത്തിൽ നേട്ടങ്ങൾ നേടാൻ ഈ സ്ക്കൂളിന് കഴിഞ്ഞിട്ടുണ്ട്.

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്ന തിനുള്ള പ്രവർത്തന പദ്ധതികളാണ് ഞങ്ങൾ രൂപകല്പന ചെയ്തിരിക്കു ന്നത്. സർക്കാർ വിദ്യാഭ്യാസം പൂർത്തിയായി പുറത്തു വരുന്ന കുട്ടിക ളുടെ ആശയധാരണകളിലും ശേഷികളിലുമുള്ള വികാസം, കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം, ഭാഷകൾ അനാ യാസം ആശയവിനിമയത്തിന് ഉപയോഗിക്കാൻ കഴിയുമെന്ന ആത്മവി ശ്വസം എന്നിവ മനസിൽ കണ്ട് ഇത്തരം മാറ്റങ്ങളുണ്ടാവാൻ ആവശ്യമായ മഴുവൻ പശ്ചാത്തല സൗകര്യങ്ങളും പ്രായോഗികമായി ഒരുക്കുന്നതിനും പുതിയ വെല്ലുവിളി ഏറ്റെടുക്കാൻ സൗകര്യമൊരുക്കുന്നതിനും എല്ലാം സാധ്യമാകുന്ന വിധത്തിലുള്ള ഒരു സർഗ്ഗാത്മക പ്രവർത്തനമാണ് ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നത്.ഞങ്ങൾ വിഭാവനം ചെയ്ത അന്താരാഷ്ട്ര നിലവാരമുള്ള സ്കുൾ എന്ന സങ്കല്പം സാധ്യമാക്കുന്നവിധം കാഴ്ച പ്പാടും ചിന്തയും പ്രവർത്തനവും ഏകോപ്പിച്ചുകൊണ്ട് സമയബന്ധിത മായി പ്രവർത്തിച്ച് സമുഹപങ്കാളിത്തത്തോടു കുടി പൂർവ്വവിദ്യാർഥിക ളോട് നന്ദി അറിയിച്ചുകൊണ്ടും എസ്.എം.സി-യുടെ നേതൃത്വത്തിൽ വരും തലമുറയ്ക്കുവേണ്ടി ഞങ്ങൾ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.